MR. CHERIAN J. KAPPAN : ബാക്കിയുള്ള പ്രതിമകൂടെ ഉടനെതന്നെ നീക്കം ചെയ്യുന്നതിന് ഗവണ്മെൻറ് ഉദ്യമിക്കുമോ?

HON'BLE MR. T. K. NARAYANA PILLAI : വേറെ നീക്കം ചെയ്യത്തക്ക വണ്ണമുള്ള പ്രതിമ ഉണ്ടോ എന്നുള്ളതു് ഗവണ്മെൻറിന് അറിവില്ല.

MR. K. P. NILAKANTA PILLAI : May I know whether that particular statue is now owned by anybody?

HON'BLE MR. T. K. NARAYANA PILLAI : Not to the knowledge of Government.

അമ്പലപ്പുഴ ഒന്നാം ക്ലാസ് മജിസ്ട്രേട്ടുകോടതി.

*200. MR. K. SARANGADHARAN (*Ambalapuzha I—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട നീതിന്യായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) അമ്പലപ്പുഴ ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോടതി ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നു് അമ്പലപ്പുഴ സിവിൽകോടതി വളപ്പിലേക്കു മാറുന്നതു പൊതുജനങ്ങൾക്കും പ്രത്യേകിച്ചു വക്കീലന്മാർക്കും സൗകര്യപ്രദമാണെന്നുള്ള കാര്യം ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

(ബി) ഇക്കാര്യത്തെപ്പറ്റി ഗവണ്മെൻറിനു ഏതെങ്കിലും നിവേദനം കിട്ടീട്ടുണ്ടോ?

(സി) അതിന്മേൽ ഗവണ്മെൻറ് എന്തു നടപടി നടത്തി?

HON'BLE MR. A. J. JOHN :

(എ) ഉണ്ടു്.

(ബി) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്.

(സി) ഈ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുന്നു.

MR. EAPAN ARAKKAL : ഈ കോടതി മാറുന്നതിലേക്ക് ഹൈക്കോടതിയുടെ അഭിപ്രായം ചോദിച്ചിട്ടുണ്ടോ?

HON'BLE MR. A. J. JOHN : ഉണ്ടു്. എങ്കിലും സിവിൽകോടതിയിലേക്കു് മജിസ്ട്രേട്ടുകോടതി മാറുന്ന കാര്യത്തിൽ ഹൈക്കോടതിക്കു അഭിപ്രായമില്ല. കാരണം സ്ഥലത്തിന്റെ അസൗകര്യം കൊണ്ടാണു്. അവർ പറയുന്നതു് അവിടെ അതിനുള്ള സൗകര്യം വേണ്ടിടത്തോളം ഇല്ലെന്നാണു്.

MR. K. RAMAKRISHNA PILLAI : അടുത്തവർഷത്തിലെങ്കിലും ഈ മജിസ്ട്രേട്ടുകോടതി ജില്ലാക്കോടതി വളപ്പിലേക്കു് മാറുന്നതിനു് ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. A. J. JOHN : അതിന്റെ കാരണം ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly